## ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം:- ഇ.ഐ.സ. വകുപ്പ് – സ്ഥാപനക്കാര്യം – ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിലെ ഡ്രൈവർ ഗ്രേഡ്-I, ശ്രീ.പി.സതീഷിന് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ 05.01.2017-ലെ ഇ$_2$-6329/16 നമ്പർ കത്ത്

ഉത്തരവ് നമ്പർ. ഇ$_2$-833/2017/ഡി.ഐ.എം.എസ്. തീയതി: 13.06.2017

ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിലെ ഗ്രേഡ്-I ഡ്രൈവറായ ശ്രീ.പി.സതീഷ്, തനിക്ക് ഫെറോക്ക് ഇ.എസ്.ഐ. ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിട്ടുള്ളതായി പരാമർശപ്രകാരം മധ്യ മേഖല ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ഫെറോക്ക് ഇ.എസ്.ഐ. ആശുപത്രിയിലെ ഡ്രൈവർ 31.05.2017-ൽ സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ ഒരൊഴിവുണ്ടായിട്ടുണ്ട്. മേൽസാഹചര്യത്തിൽ ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിലെ ഗ്രേഡ്-I ഡ്രൈവർ ശ്രീ.പി.സതീഷിന്റെ അപേക്ഷ പരിഗണിച്ച് ടിയാൾക്ക് ഫെറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ടിയാളെ വിടുതൽ ചെയ്യ തീയതിയും പുതിയ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച തീയതിയും യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. അജിത നായർ ആർ.
ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ. പി. സതീഷ്, ഡ്രൈവർ ഗ്രേഡ്-I
ഇ.എസ്.ഐ. ആശുപത്രി, ഒളരിക്കര.

പകർപ്പ്:-
1. സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, ഒളരിക്കര/ഫെറോക്ക്
2. മേഖല ഡെപ്യൂട്ടി ഡയറക്ടർ,ഐ.എം.എസ്., മധ്യ മേഖല/ഉത്തര മേഖല
3. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്